

# മൗലവി ചേകനൂർ; രക്തസാക്ഷിത്വത്തിന്റെ 18 വർഷങ്ങൾ

## കോടതിവിധികളിലെ സമ്പന്നപക്ഷപാതിത്വം

ഡോ: എം.അബ്ദുൾജലീൽ, പുറ്റെക്കാട്

പ്രമുഖ ഖുർആൻ പണ്ഡിതനും, സാമൂഹ്യപരിഷ്കർത്താവുമായിരുന്ന ചേകന്നൂർ മൗലവി വധിക്കപ്പെട്ടിട്ട് ഇന്നേയ്ക്ക് 18 വർഷം തികയുകയാണ്. മൗലവിയെ വധിക്കാനുള്ള ഗൂഢാലോചന നടന്നത് കോഴിക്കോട് കാരന്തൂരുള്ള മർകസിൽ വെച്ചാണെന്ന് സി.ബി.ഐ കുറ്റപത്രത്തിൽ വ്യക്തമാക്കുന്നു. പ്രതികളും പ്രതിഭാഗം സാക്ഷികളുമെല്ലാം കാന്തപുരം അബൂബക്കർ മുസ്ല്യാരുടെ സുന്നി ടൈഗേർസ് ,ക്രസന്റ് വളണ്ടിയർ കോർ (സി.വി.സി) എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന ഭീകരസംഘടനയിലെ പ്രവർത്തകരായിരുന്നു എന്നും സി.ബി.ഐ രേഖപ്പെടുത്തുന്നു. കൂടാതെ തൊണ്ണൂറുകളുടെ ആരംഭത്തിൽ (1991- 92) അബ്ദുൽ നാസർ മഅ് ദനിയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ജം ഇയ്യത്തുൽ ഇഹ്സാനിയ എന്ന സംഘടനയിലും പ്രതികൾ സജീവമായിരുന്നുവെന്ന് സി.ബി.ഐ. കുറ്റപത്രത്തിൽ കാണാം.

മാത്രവുമല്ല, എ.പി.ഉസ്താദിന് ശത്രുക്കളിൽ നിന്ന് സംരക്ഷണം നൽകാൻ വേണ്ടിയും മറ്റു വിധ്വംസകപ്രവർത്തനങ്ങൾക്ക് വേണ്ടിയുമാണ് പ്രസ്തുത സംഘടനകൾ രൂപീകരിച്ചിരുന്നത് എന്ന് സി.ബി.ഐ വ്യക്തമാക്കുന്നു. കാന്തപുരം അബൂബക്കർ മുസ്ല്യാരുടെ വലംകയ്യും അന്ന് കോഴിക്കോട് കാരന്തൂരുള്ള കാന്തപുരം മർകസിന്റെ ജനറൽ മാനേജരുമായിരുന്ന മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരുടെ നേതൃത്വത്തിലാണ് ഗൂഢാലോചന നടന്നത് എന്നും സി.ബി.ഐ വ്യക്തമാക്കുന്നു. കക്കിടി ഹംസ, മംഗലശ്ശേരി മുഹമ്മദ് ബഷീർ പത്തനാപുരം, ഇല്ല്യൻ ഹംസ, പി.കെ.സൈഫുദ്ദീൻ, മുഹമ്മദ് കുട്ടി കൊന്തേടൻ, കുഞ്ഞിമരക്കാർ, അബ്ദുൾ ഗഫൂർ, അബ്ദുസ്സലാം പാലപ്പെട്ട, മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ എന്നിവർ ചേർന്നാണ് ഗൂഢാലോചനയും കൊലയും നടത്തിയത് എന്ന് സി.ബി.ഐ കുറ്റപത്രത്തിൽ നിന്നും വ്യക്തമാകുന്നു. കൊലപാതകത്തിനുപയോഗിച്ച നമ്പർപ്ലേറ്റില്ലാത്ത നീല ജീപ്പ് അന്ന് മർകസിന്റെ ജനറൽ മാനേജറായിരുന്ന മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ ഉപയോഗിച്ചിരുന്ന നീല ജീപ്പായിരുന്നു എന്നും സി.ബി.ഐ വ്യക്തമാക്കുന്നു. പ്രതികളുടെയും പ്രതിഭാഗം സാക്ഷികളുടെയുമെല്ലാം മൊഴികൾ ചെന്നെത്തുന്നത് എ.പി.ഉസ്താദ് എന്ന വ്യക്തിയിലേക്കാണ്. ഇതെല്ലാം സി.ബി.ഐ കുറ്റപത്രത്തിൽ പകൽപോലെ വ്യക്തമാണ്. എന്നിട്ടും ചേകന്നൂർ മൗലവി വധക്കേസിൽ കാന്തപുരത്തെ പ്രതിചേർത്ത് അന്വേഷണം സമ്പൂർണവും കുറ്റമറ്റതുമാക്കണമെന്ന് ഖുർആൻ സുന്നത്ത് സൊസൈറ്റി അദ്ധ്യക്ഷൻ സലിം ഹാജി നൽകിയ ഹർജി ഗൗരവമായി എടുക്കാതെ വളരെ പുച്ഛത്തോടുകൂടി തള്ളുകയാണ് സുപ്രിംകോടതി ജഡ്ജിയായിരുന്നകെ.ജി.ബാലകൃഷ്ണൻ ചെയ്തത്. കെ.ജി.ബാലകൃഷ്ണന്റെ ബന്ധുക്കൾ ഭീമമായ തുക കൈക്കൂലി വാങ്ങിയിട്ടുണ്ടെന്ന് ഞങ്ങൾഉറച്ച് വിശ്വസിക്കുന്നു. കാരണം ഇതേ കാലയളവിൽ മുൻ ചീഫ് ജസ്റ്റീസ് ബാലകൃഷ്ണന്റെ പെൺമക്കളും (മരുമക്കളായ പി.വി. ശ്രീനിജൻ, എം.ജെ. ബെന്നി, സഹോദരൻ കെ.ജി. ഭാസ്ക്കരൻ എന്നിവരടങ്ങുന്ന മാഫിയ) കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് 10 കോടിയിലധികം വരുന്ന അനഃധികൃത സ്വത്തുക്കൾ സമ്പാദിച്ചുകൂട്ടിയിട്ടുണ്ടെന്ന് നമ്മുടെ ആദായ നികുതി വകുപ്പ് ഡയറക്ടർ ജനറൽ വെളിപ്പെടുത്തുന്നുമുണ്ട്.

കാന്തപുരത്തെ രക്ഷിക്കാനുള്ള വ്യഗ്രതയിൽ സി.ബി.ഐ യിലെ ചില ഉന്നതരും ജ്യുഡീഷ്യറിയും ഒത്തുകളിച്ചുണ്ടാക്കിയ ലൂപ് ഹോളുകളിലൂടെ 9 പ്രതികളിൽ 8 പേരും കുറ്റവിമുക്തരായി. ഒരാൾക്ക് മാത്രം ഇരട്ട ജീവപര്യന്തം ശിക്ഷയും കിട്ടി. കാന്തപുരത്തിന്റെ പേരു സി.ബി.ഐയിൽ പറഞ്ഞ പ്രതികളെല്ലാം ശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു. മറ്റു പ്രതികൾ രക്ഷപ്പെട്ട അതേ ലൂപ് ഹോളുകളിലൂടെ ഏതാനും മാസം കഴിഞ്ഞാൽ ഇരട്ട ജീവപര്യന്തം 'ആസ്വദിച്ചു' കൊണ്ടിരിക്കുന്ന ഹംസയ്ക്കും രക്ഷപ്പെടാം. അങ്ങോട്ടാണ് സി.ബി.ഐയുടെ ചില ഉന്നതരുടെ പോക്ക്. സമ്പത്ത് വധക്കേസിൽ ഒന്നാം പ്രതിയായ ഐ.ജി.യെ സി.ബി.ഐ കുറ്റവിമുക്തനാക്കിയതുപോലെ ചില സ്വാർത്ഥ താൽപര്യങ്ങളോടെ കാന്തപുരത്തെയും പ്രതിസ്ഥാനത്ത് നിന്ന് മാറ്റി നിർത്താൻ സി.ബി.ഐ.യിലെ ചില പ്രമുഖർ ശ്രമിച്ചു എന്നുള്ളത് വളരെ വ്യക്തവും അത്യന്തം അപലപനീയവുമാണ്. ഇതൊരു വല്ലാത്ത ദുരവസ്ഥയാണ്. കോടതിവിധികളിൽ സമ്പന്നപക്ഷപാതിത്വം കട

ന്നുവരുന്നതിന്റെയും ഇന്ത്യൻ ജ്യുഡീഷ്യറിയുടെയും സി.ബി.ഐയുടെയും വിശ്വാസ്യത നഷ്ടപ്പെടുന്നതിന്റെയും ഏറ്റവും ഉത്തമമായ ഒരു നിദർശനവുമാണിത്.

### 'മുടിപ്പള്ളി' ക്കു പിന്നിലെ 'സാമ്പത്തികശാസ്ത്രം'... !

ചേകന്നൂർ മൗലവി വധക്കേസിൽ പ്രതിസ്ഥാനത്ത് നിന്നും രക്ഷപ്പെടാൻ അപ്രതീക്ഷിതമായി 50 കോടിരൂപയോളം ചെലവായപ്പോഴാണ് അത് നികത്താൻ 50 കോടിയുടെ ഒരു 'മുടിപ്പള്ളി' എന്ന ആശയം 'ശൈഖുന' യുടെ ഏറ്റവും അടുത്ത കുഞ്ഞാടുകളുടെ ഭാവനയിൽ വന്നു വീണത്. ചേകന്നൂർ മൗലവിയെ വധിച്ച പ്രതികളിൽ ഓരോരുത്തർക്കും രണ്ടും മൂന്നും കോടികൾ, തനിക്കെതിരെ പ്രവർത്തിക്കാതിരിക്കാൻ ബി.ജെ.പി. ക്ക് (ഒ.രാജഗോപലന്) ഒരു കോടി, കേസ് ഡയറി കൈകാര്യം ചെയ്യുന്ന സി.ബി.ഐ.യിലെ ചില ഉന്നതരെയും ന്യായാധിപന്റെ ബന്ധുക്കളെയും സ്വാധീനിക്കാൻ പത്തിലധികം കോടികൾ .... ! ഇങ്ങനെ മർക്കസിലെ ഖജനാവ് കാലിയാവുന്നത് കണ്ട് ബേജാറായപ്പോഴാണ് ഇതൊക്കെ മൂടിവെക്കാൻ ഒരു മുടിപ്പള്ളി പററുമെന്ന് മൂപ്പർക്ക് തോന്നിയത്. കൂട്ടത്തിൽ ഇസ് ലാമിന് ഒരു രോമത്തിന്റെ വിലയേയുള്ളു എന്ന് വ്യംഗ്യമായി കളിയാക്കുകയും ചെയ്യാമല്ലോ. ഏതായാലും മുടിപ്പള്ളിയുടെ പണി തീരട്ടെ. അത് 'ചേകന്നൂർ രക്തസാക്ഷിമന്ദിര' മായി ഞങ്ങൾ - ഖുർആൻ സുന്നത്തുകാർ - പ്രഖ്യാപിക്കും.

### 'മുടിപ്പള്ളി' പലതും മൂടിവെക്കാൻ... !

മുഹമ്മദ് നബി ഒരു സാധാരണ മനുഷ്യനായിരുന്നുവെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. 'നീ ഒരു ദൈവദൂതനാണെങ്കിൽ ഒന്ന് ആകാശത്ത് കയറൂ, അല്ലെങ്കിൽ സ്വർണ്ണം കൊണ്ടുള്ള ഒരു വീട് പെട്ടെന്ന് ഞങ്ങൾക്ക് ഉണ്ടാക്കിത്തരൂ, അല്ലെങ്കിൽ ചുട്ടുപൊള്ളുന്ന ഈ മരുഭൂമിയിൽ നിന്ന് പെട്ടെന്ന് ഒരുനീരുറവ കുത്തിയൊഴുകുന്നത് നീ കാണിച്ചു തരൂ. അങ്ങനെ എന്തെങ്കിലും ദിവ്യാത്ഭുതങ്ങൾ കാണിക്കാതെ നിന്നിൽ ഞങ്ങൾ വിശ്വസിക്കുന്ന പ്രശ്നമില്ല' എന്നാണ് അന്നത്തെ കാട്ടറബികൾ നബിയോട് പറഞ്ഞത്. അതിന് ദൈവദൂതൻ പറഞ്ഞ മറുപടി 'ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻമാത്രമാണെന്നും നിങ്ങൾക്ക് സന്മാർഗദർശനം നൽകാൻ കഴിവുള്ള വേദവചനങ്ങൾ (ഖുർആൻ) എനിക്ക് ബോധനമായി നൽകപ്പെടുന്നുണ്ട്' എന്നും മാത്രമാണ്. ഇത് മാത്രമാണ് നബിയും നബിയുടെ അനുയായികളായ മറ്റു മുസ്ലീംകളും തമ്മിലുള്ള വ്യത്യാസമായി ഖുർആൻ വരച്ചു കാട്ടുന്നത്. മാത്രമല്ല ഒരു ദൈവദൂതന്റെയും - മുഹമ്മദ് നബിയുടെയും - ഏതെങ്കിലും ശേഷിപ്പുകൾ പുണ്യമാണെന്ന് ഖുർആൻ പഠിപ്പിക്കുന്നുമില്ല.

മുഹമ്മദ് നബി ഒരു സാധാരണ മനുഷ്യൻമാത്രമാണെന്നും സ്ഥൂലദേഹത്തോടുകൂടി ആകാശത്തേക്ക് കയറുക തുടങ്ങിയ ദിവ്യാത്ഭുതങ്ങൾ നബിയിൽ നിന്ന് നിങ്ങൾ പ്രതീക്ഷിക്കേണ്ട എന്ന് ഖുർആനും നബിയും പഠിപ്പിച്ചപ്പോൾ ആ ഖുർആൻ വചനത്തെ ദുർബ്ബലപ്പെടുത്തുകയും നബി 'മിഅ്റാജി' ന്റെ രാത്രിയിൽ ആകാശത്ത് കയറിയെന്നും ദൈവവുമായി നേരിട്ട് സംസാരിച്ചു എന്നും, അന്നാണ് അഞ്ച് നേര നമസ്ക്കാരം സുന്നി(മുസ്ലീം) കൾക്ക് നിർബ്ബന്ധമാക്കപ്പെട്ടതെന്നും ഖുർആന് എതിരായി കള്ളഹദീസുകളുണ്ടാക്കികൊണ്ടാണ് അബൂഹുറൈറയും മുആവിയയും 'അഹ്ലുസ്സുന്നത്ത് വൽജമാഅത്ത്' എന്ന സുന്നിമതത്തിന് (കാന്തപുരം അടക്കമുള്ള സുന്നി- മുജാഹിദ് -ജമാഅത്ത് മൗലവിമാർ പ്രതിനിധാനം ചെയ്യുന്ന ആധുനിക ഇസ്ലാം മതത്തിന്) അറേബ്യയിൽ തറക്കല്ലിട്ടത്. ഖലീഫാ ഉമറിന്റെ വധത്തോടുകൂടിയാണ് ഇസ്ലാമിൽ ഗുരുതരമായ അട്ടിമറികൾ ആരംഭിക്കുന്നതും, സുന്നി-ശിയാ പിളർപ്പുണ്ടാകുന്നതും, നബി തുടങ്ങിവെച്ച ഇസ്ലാമിക ഭരണം അസ്തമിക്കുന്നതും, അത് 'സുന്നത്ത് ജമാഅത്ത്' എന്ന സുന്നിമതത്തിന്റെ സംസ്ഥാപനത്തിലേക്ക് നയിക്കുന്നതും.!

### ഇസ് ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികൾ ... !

അറേബ്യയിൽ ജനിച്ചതുകൊണ്ടും മാതൃഭാഷ അറബിയായതുകൊണ്ടും അറബി ഭാഷയിൽ പ്രബോധനം ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്ത നബി തിരുമേനിയുടെ (വിശുദ്ധ ഖുർആനിന്റെ) കല്പനക്ക് വിരുദ്ധമായി 'അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത്' എന്ന ഒരു അറേബ്യൻ പാരമ്പര്യ മതമുണ്ടാക്കുകയും അതിലൂടെ 'അഞ്ച് നേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുന്ന സുന്നികൾക്ക് മാത്രമേ സ്വർഗമുള്ളു' എന്ന മഹാ അപകടകരമായ, ഖുർആൻ വിരുദ്ധ സിദ്ധാന്തം ലോകത്ത് പ്രചരിപ്പിക്കുകയും ചെയ്ത കപടന്മാരായിരുന്നു അബൂഹുറൈറയും മുആവിയയും മറ്റു അമവി-അബ്ബാസി ഖലീഫമാരടക്കമുള്ള ഭൂരിപക്ഷം അറബികളും..! അറേബ്യയിൽ വന്ന ഒരു ദൈവദൂതന്റെ ഐച്ഛികമായ നടപടിക്രമങ്ങളെ (സുന്നത്തുകളെ) ലോകജനതയുടെ (ലോക മുസ്ലിംകളുടെ) 'നിർബ്ബന്ധ' ങ്ങളാക്കി (ഫർളുകളാക്കി) അടിച്ചേൽപ്പിക്കുകയാണ് അറേബ്യയിലെ ആ ജൂത ലോബി ചെയ്തത്. അതുവഴി വിശ്വാസികളുടെ കൂട്ടായ്മയായ ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം

പോലെ അറേബ്യയിൽ നിന്നും കത്തിപ്പടർന്നു കൊണ്ടിരുന്ന ആ വിപ്ലവ പ്രസ്ഥാനം (ഇസ്ലാം) പെറ്റുമാത്രം പെരുകുന്ന ഒരു അറേബ്യൻ ആചാരമതമായി മാറി.

## ഖുർആനും ഹദീസും– പരസ്പര വിരുദ്ധമായ രണ്ട് ഗ്രന്ഥങ്ങൾ.! രണ്ടു ചിന്താ സരണികൾ!!

വിദ്യാഭ്യാസത്തിലൂടെ വൈജ്ഞാനിക വിപ്ലവത്തിന് തുടക്കം കുറിക്കുക, ഒരു ദൈവം ഒരു ജനത എന്ന ആശയത്തിലൂടെ (ഏകദൈവം– തൗഹീദ്) ജാതി–മത–ഭാഷ–ദേശ ചിന്തകൾക്കപ്പുറം മനുഷ്യരെ ഒന്നായി കാണുക, സ്വന്തം ശരീരവും ആത്മാവും ഉൾക്കൊള്ളുന്ന ഈ ലോകത്തിന്റെ ഐശ്വര്യത്തിനുവേണ്ടി സർവ്വാത്മനാ പ്രയത്നിക്കുക ( ലോകാ സമസ്താഃ സുഖിനോ ഭവന്തു), ജാതിമത ചിന്തകൾക്കപ്പുറം നീതിയിലും നന്മയിലും അധിഷ്ഠിതമായി വ്യക്തിപരവും–സാമൂഹികവുമായ ജീവിതം കെട്ടിപ്പടുക്കുക, ഒരു വിശ്വാസിയായ മനുഷ്യനെന്ന നിലക്ക് പ്രാർത്ഥനയോടെ ഓരോരുത്തരും (പിതാവ്, പുത്രൻ, അമ്മ, മകൾ, വിദ്യാർത്ഥി, അധ്യാപകൻ, മുതലാളി, തൊഴിലാളി, എന്നിങ്ങനെ ഓരോരുത്തരും) അവരവരുടെ ചുമതലകൾ നിർവ്വഹിക്കുക, കരാറുകൾ പാലിക്കുക ഇതൊക്കെയാണ് ഖുർആൻ ഉയർത്തിപ്പിടിക്കുന്ന മഹത്തായ മൂല്യങ്ങൾ. ഗോത്ര മഹിമയുടെയും പാരമ്പര്യത്തിന്റെയും പേരിൽ പരസ്പരം ശത്രുക്കളായി തമ്മിലടിച്ചിരുന്ന (ഗോത്രദൈവങ്ങളെ മുൻനിർത്തി പരസ്പരം യുദ്ധം ചെയ്തിരുന്ന), അങ്ങനെ ഖുർആന്റെ ഭാഷയിൽ പറഞ്ഞാൽ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്ന ആ അറേബ്യൻ ഗോത്രങ്ങളെ മതവും ജാതിയും വർഗ്ഗവിദ്വേഷവുമില്ലാത്ത ഖുർആൻ എന്ന പൊൻചരടുകൊണ്ട് ആ ദൈവദൂതൻ ഒന്നിപ്പിച്ചു – ഏകീകരിച്ചു. അതായിരുന്നു നബിയുടെ മഹത്തായ വിജയവും തൗഹീദും (ഏകീകരണവും). അങ്ങിനെ 'വിവരംകെട്ടവർ' (ഉമ്മിയ്യുകൾ) എന്നും 'ഒന്നിനും കൊള്ളാത്തവരെ'ന്നും മക്കയിലെ ഖുറൈശികളും, റോമൻ പേർഷ്യാ സാമ്രാജ്യങ്ങളിലെ ചില ജൂതരും ചില ക്യസ്ത്യാനികളും കളിയാക്കിയിരുന്ന അറബികൾക്ക് സ്വന്തമായി ഒരു രാഷ്ട്രം ആ ദൈവദൂതൻ ഉണ്ടാക്കിക്കൊടുത്തു. അതുവഴി അറബികൾക്ക് സ്വന്തമായി ഒരു ഭരണഘടനയും, സിവിൽ ക്രിമിനൽ നിയമങ്ങളും, പൊതുഖജനാവും (Public Finance ) ആ ദൈവദൂതൻ ഉണ്ടാക്കി. അങ്ങിനെ വിവരംകെട്ടവർ എന്ന് ലോകം കളിയാക്കിയിരുന്ന അറബികൾക്കും മഹത്തായ ഒരു രാഷ്ട്രമാവാം എന്ന് ആ ദൈവദൂതൻ പ്രവർത്തി പഥത്തിലൂടെ കാണിച്ചു കൊടുത്തു. മാത്രമല്ല അറേബ്യയിൽ മദീന ആസ്ഥാനമാക്കി ദൈവദൂതൻ പടുത്തുയർത്തിയ ആ മാതൃകാ രാഷ്ടം അവരെ ആക്രമിച്ച തൊട്ടടുത്തുള്ള ലോകമഹാശക്തികളായിരുന്ന റോമ, പേർഷ്യൻ സാമ്രാജ്യങ്ങളെകൂടി കീഴടക്കി. അങ്ങിനെ നബിയുടെ മരണം കഴിഞ്ഞ് സുമാർ 20 വർഷം കഴിഞ്ഞപ്പോൾ, ഖലീഫാ ഉമറിന്റെ കാലത്ത് റോമാ – പേർഷ്യൻ (ഇറാഖ്, സിറിയ, ഈജിപ്ത്) സാമ്രാജ്യങ്ങൾകൂടി കീഴടക്കിയപ്പോൾ ഇസ്ലാമൊരു ലോക വൻശക്തിയായി മാറി.

**നബിയുടെ മരണം കഴിഞ്ഞു 30 വർഷം കഴിഞ്ഞപ്പോൾ നബിയുടെ ഇസ് ലാമിക ഭരണം മുആവിയയുടെ (അമവികളുടെ) സുന്നിഭരണമായി മാറുന്നു.!**

അറബികളുടെ ചില ചിന്താഗതികളും സംസ്കാരങ്ങളും നടപടി ക്രമങ്ങളും, അറബികളുടേതു മാത്രമാണെന്നും ലോക ശക്തികളോടൊപ്പം നടക്കാൻ ഏക ദൈവവിശ്വാസവും സൽകർമ്മവും വിളംബരം ചെയ്യുന്ന ഖുർആൻ മാത്രം മതി എന്നുമുള്ള ഖുർആനിക പാഠത്തിന്റെ വെളിച്ചത്തിൽ നബി തിരുമേനി നടത്തിയ ആ ജൈത്രയാത്ര അന്നത്തെ പല അറബി ഗോത്രങ്ങളെയും നബി വിരോധികളായിരുന്ന ചില ജൂത–ക്രിസ്ത്യൻ സമൂഹങ്ങളെയും പിടിച്ചു കുലുക്കി. നബിയുടെ ആ ജൈത്രയാത്ര വാളുകൊണ്ടു നശിപ്പിക്കാൻ പറ്റില്ല എന്നു അനുഭവത്തിലൂടെ പഠിച്ചറിഞ്ഞ അവർ ബുദ്ധിയുടെ മാർഗ്ഗം സ്വീകരിച്ചു. അവർ ഒന്നടങ്കം ഇസ്ലാമിലേക്ക് വന്നതായി അഭിനയിക്കുകയും നബിയെ ഒരു ദൈവാവതാരമാക്കി ചിത്രീകരിക്കുകയും ചെയ്തു. കേവലം ഒരു മനുഷ്യനായ ദൈവദൂതൻ എന്ന് ഖുർആൻ പരിചയപ്പെടുത്തിയ മുഹമ്മദ് നബിയെ ഒരു ദൈവമാക്കിത്തന്നെ ചിത്രീകരിച്ചു കൊണ്ട്, 'നബി അങ്ങനെ പറഞ്ഞു, നബി ഇങ്ങനെ പറഞ്ഞു' എന്നിങ്ങനെയുള്ള ആമുഖത്തോടെ കുറേ കള്ളഹദീസുകൾ ഉണ്ടാക്കി. അന്നത്തെ അറബി പ്രമാണികൾ വളരെയധികം പ്രാധാന്യം കൽപ്പിച്ചിരുന്ന അറേബ്യൻ ചിന്താഗതികളും നടപടി ക്രമങ്ങളും ആചാര ക്രമങ്ങളും മറ്റും വീണ്ടും നബിയുടെ പേരിൽ പ്രചരിപ്പിച്ചു. ഖുർആൻ യാതൊരു പുണ്യവും പാവനത്വവും കൽപ്പിക്കാത്ത 'സംസം വെള്ളം' വിറ്റു കാശാക്കുക, ഹജ്ജിനെ ഏറ്റവും വലിയ വരുമാന മാർഗ്ഗമാക്കുക, ഹജ്ജ് ചെയ്തവൻ അന്നു പ്രസവിച്ച കുട്ടിയെപ്പോലെയാണ് എന്ന ഖുർആൻ വിരുദ്ധ പാഠം പ്രചരിപ്പിക്കുക. പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടുന്ന പ്രത്യേകസ്ഥലങ്ങൾ ലോകത്തെവിടെയും, സാക്ഷാൽ മക്കാ മദീനയിൽപ്പോലും, ഉണ്ടെന്ന് ഖുർആൻ പഠിപ്പിക്കുന്നില്ല എന്നിരിക്കെ, പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടുന്ന ധാരാളം സ്ഥലങ്ങൾ മക്കയിലും മദീനയിലും ഉണ്ടെന്നു പ്രചരിപ്പിച്ചു ജനങ്ങളെ മക്കയിലേക്കാകർഷിപ്പിച്ചു സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുക, പരോപകാര

പ്രദമായ സൽക്കർമ്മങ്ങൾ കൂടാതെ കേവലം പ്രാർത്ഥനകളിലൂടെ സ്വർഗ്ഗവും പരലോക മോക്ഷവും നേടിക്കളയാം എന്ന ജൂത-ക്രിസ്ത്യൻ സിദ്ധാന്തം പ്രചരിപ്പിക്കുക, താടി വെക്കലും തൊപ്പിധരിക്കലും പർദ്ദ ധരിക്കലും അറബിഭാഷയിൽ നമസ്കരിക്കലുമൊക്കെ അല്ലാഹുവിൽ നിന്ന് പുണ്യം കിട്ടുന്ന സുന്നത്തുകളാണെന്ന(നബിയുടെ നടപടികളാണെന്ന) പച്ചക്കള്ളം പ്രചരിപ്പിക്കുക; ഈ രീതിയിൽ നബി കൊണ്ടുവന്ന ഇസ്‌ലാം മതത്തെ - ഖുർആൻ എന്ന വിപ്ലപ്രസ്ഥാനത്തെ- ഒരനാചാര മതമാക്കി തരം താഴ്ത്തുക. ഇതായിരുന്നു അറബികളുടെ തന്ത്രം. നബിതിരുമേനിക്കുശേഷം ഖലീഫ ഉമർ കീഴടക്കിയ ഇറാൻ- ഇറാഖ് -സിറിയ- ഈജിപ്ത് (റോമ-പേർഷ്യൻ) സാമ്രാജ്യങ്ങളിലെജൂതപണ്ഡിതന്മാരും, ഇടപ്രഭുക്കളും രാജാക്കന്മാരുമാണ് മുആവിയക്ക് സുഗമമായി ഭരിക്കാൻ 'സുന്നത്ത് ജമാഅത്ത് 'എന്ന ആശയം കണ്ടെത്തിയതും പ്രോത്സാഹിപ്പിച്ചതും. അഞ്ചുനേരം അറബി ഭാഷയിൽ പ്രാർത്ഥിക്കണം, ആ നമസ്കാരങ്ങളിലൊക്കെ ഖുർആന് കടകവിരുദ്ധമായ 15 ആശയങ്ങളുള്ള 'അത്തഹിയ്യാത്ത്' എന്ന ഖുർആൻ വിരുദ്ധ പ്രാർത്ഥനാമന്ത്രം ഉരുവിടണം, നബിതിരുമേനി കേട്ടിട്ടില്ലാത്ത -ഖുർആന് കടകവിരുദ്ധമായ - പത്തു തെറ്റുകളുള്ള സുന്നി-ശിയാബാങ്കുവിളി ദിവസവും 5 നേരം പള്ളികളിൽനിന്ന് ഉറക്കെ വിളിച്ചുപറയണം, ചേലാകർമ്മം (circumcision) എന്ന സുന്നത്ത് ആചരിക്കണം, അങ്ങനെ 5 നേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുന്ന സുന്നികൾക്കുമാത്രമേ സ്വർഗ്ഗമുള്ളൂ എന്ന് വിശ്വസിക്കണം, സുന്നത്ത് നമസ്ക്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, സുന്നത്ത് ഹജ്ജുകൾ എന്നിവ നബിയുടെ പേരിൽ പ്രചരിപ്പിക്കുക, അങ്ങിനെ ഖുർആനോ നബിയോ പഠിപ്പിക്കാത്ത ജൂതപ്രാർത്ഥനാ മൊഴിയായ ആമിൻ ദിവസവും 50 ഉം 100ഉം തവണ ചൊല്ലിക്കുക, എല്ലാ കല്ലാരാധനയേയും എതിർത്ത നബിയുടെ പേരിൽ (ഹജ്ജിൽ) കല്ലേറും, കല്ലുപെറുക്കലും, കല്ല് (ഹജറുൽ അസ്‌വദ്) ചുംബനവുമായി വിഗ്രഹപൂജ പ്രചരിപ്പിക്കുക. അങ്ങനെ നബി കൊണ്ടുവന്ന പ്രത്യയ ശാസ്ത്രത്തെ - ഇസ്ലാമിനെ (വിശുദ്ധ ഖുർആനെ) - ഹദീസുകളുമായി (അറേബ്യൻ ചിന്താഗതികളും പാരമ്പര്യങ്ങളുമായി) കൂട്ടിക്കലർത്തി സങ്കീർണ്ണവും വികലവുമാക്കുക; ഖുർആനും ഹദീസും തമ്മിലുള്ള അന്തരം ലോകമറിയാതിരിക്കാൻ ഖുർആൻ പഠനവും ഖുർആൻ പരിഭാഷയും നിരോധിക്കുക, ഇതായിരുന്നു അന്നത്തെ ജൂതന്മാരായ അറേബ്യൻ സുന്നികൾ (അമവികൾ) സ്വീകരിച്ച തന്ത്രം. അതുവഴി ലോകജനത മുഴുവൻ അറബികളോടൊപ്പവും അറേബ്യൻ സംസ്കാരത്തോടൊപ്പവും നടക്കണമെന്ന് മുആവിയയും, അന്നത്തെ അറബികളും ശഠിച്ചു....! അതുവഴി ദൈവവിശ്വാസത്തിലധിഷ്ഠിതമായ കമ്മ്യൂണിസം (Islamic Communisam) പോലെയോ, ഇസ്ലാമിക് സോഷ്യലിസം (Islamic Socialism) പോലെയോ അറേബ്യയിലെ മദീനയിൽ നിന്ന് പുറപ്പെട്ട ഇസ്ലാമിന്റെ ആ ജൈത്രയാത്രക്ക് - ആ കൂലംകുത്തിയൊഴുക്കിന് - വിരാമമിടാൻ, മുആവിയക്കും അറബികൾക്കും കഴിഞ്ഞു. ഇസ്‌ലാമും മറ്റു മതങ്ങളെപ്പോലെ കേവലം പെറ്റുപെരുകുന്ന ഒരു അറേബ്യൻ ആചാരമതമായി അധ:പതിച്ചു.

**വർഗ്ഗീയതയുടെ കണികപോലുമില്ലാത്ത ഖുർആനും കൊണ്ട് അറബികൾ ലോകജനതയോടൊപ്പം നടക്കണമെന്ന് ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ചപ്പോൾ അറബികൾ ഉണ്ടാക്കിയ വർഗ്ഗീയവിഷം കലർന്ന കള്ളഹദീസുകളും പേറി ലോകം മുഴുവൻ അറബികളോടൊപ്പം നടക്കണമെന്ന് മുആവിയയും അറബികളും നിയമമാക്കിയെന്ന് സാരം. മുസ്ലീം ലോകത്തെ ഇന്നത്തെ എല്ലാ ദുരവസ്ഥയ്ക്കും കാരണം മുആവിയ – അബൂഹുറൈറ കൂട്ടുകെട്ടിന്റെ ഈ ഖുർആൻ വിരുദ്ധ സിദ്ധാന്തമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംസ്കാരങ്ങൾ തമ്മിൽ ഏറ്റുമുട്ടാനും വർഗ്ഗീയതയും വർഗ്ഗീയ ലഹളകളും ഭീകരവാദവും ഭീകരാക്രമണങ്ങളും വളരാനും മുആവിയയുടെ ആ ഹദീസ് സിദ്ധാന്തം വഴിവെച്ചു.**

## ‘തിരുകേശം’ പോലെ ഒരു ‘തിരുമതം’

സിൽക്സ്മിത കടിച്ച ആപ്പിൾ 55000 രൂപക്ക് ലേലത്തിൽ വാങ്ങിയതും മൗലാന മൗദൂദി ഉപയോഗിച്ച പേന ഒരു ജമാഅത്തുകാരൻ ഇരുപത്തഞ്ച് ലക്ഷം രൂപയ്ക്ക് ലേലത്തിൽ വാങ്ങിയതും നബിയുടതാണെന്നു തെറ്റിദ്ധരിപ്പിച്ച് ‘മുടിക്കച്ചവടം’ നടത്തുന്നതുമൊക്കെ വ്യക്തിപൂജയുടെയും, വിഗ്രഹാരാധനയുടെയും തുടക്കം മാത്രമാണ്. ഖുർആൻ അതൊന്നും അൽപംപോലും അംഗീകരിക്കുന്നില്ല. എന്നാൽ നബിയുടെ വിസർജ്യവസ്തുക്കളും, ഉമിനീരും, വിയർപ്പും, കേശവുമൊക്കെ നക്കിത്തുടയ്ക്കണമെന്നും അതിൽ പുണ്യവുമുണ്ടെന്നുമാണ് അമവികൾക്ക് വേണ്ടി അറബികൾ പിന്നീട് കള്ളഹദീസുകളിലൂടെ പ്രചരിപ്പിച്ചത്. ജോർദ്ദാനിലെ ഏതോ ഒരു പെൺകൊടിയുടെ കുറെ നീണ്ട മുടിക്കെട്ടുകൾ എടുത്തുകാട്ടി അത് നബിയുടേതാണെന്ന് പച്ചക്കള്ളം പ്രചരിപ്പിച്ചു പാമരജനങ്ങളെ വ്യക്തിപൂജയിലേക്ക് (വിഗ്രഹാരാധനയിലേക്ക് ) നയിച്ച് ഖസ്റജി എന്ന അറബിയും കാന്തപുരവും കാശുണ്ടാക്കുന്നത് പോലെയാണ് മുഹമ്മദ് നബിയും വിശുദ്ധഖുർആനും അറേബ്യയിൽ വരുത്തിയ വിപ്ലവത്തിൽ നിന്ന് മുതലെടുത്തുകൊണ്ട് മനുഷ്യനായ ദൈവദൂതൻ എന്ന് ഖുർആൻ പരിചയപ്പെടുത്തിയ നബിയെ ഒരു ദൈവാവതരാമാക്കി ചിത്രീകരിച്ചുകൊണ്ട് നബിയുടെ മരണശേഷം സുമാർ 30 വർഷം കഴിഞ്ഞ

പ്പോൾ ഖുർആൻനിന് ബദലായി ഹദീസുകളെന്നപേരിൽ ഒരു രണ്ടാം പ്രമാണമുണ്ടാക്കിക്കൊണ്ട് 'സുന്നത്ത് ജമാഅത്ത്'എന്ന ഖുർആൻ ഇല്ലാത്ത സുന്നിമതത്തിന് (ആധുനിക ഇസ്‌ലാം മതത്തിന്) മുആവിയ തറക്കല്ലിട്ടത്. യാതൊരു ലക്ഷ്യബോധമോ, ദൈവഭയമോ ഇല്ലാതെ, അറേബ്യൻ മരുഭൂമിയിൽ അലഞ്ഞുനടന്നിരുന്ന ആ ഗോത്ര വർഗ്ഗങ്ങളെ ഒരുമിച്ചുകൂട്ടി അറേബ്യയിൽ - മദീനയിൽ - ആ ദൈവദൂതൻ നല്ലവരായ ജൂതരുടെ സഹായത്തോടെ ഒരു മാതൃകാ ഇസ്ലാമികരാഷ്ട്രം പണിതു. അറബികളുടെ വളർച്ചയിൽ ഭയവും ആശങ്കയും തോന്നിയ റോമാ പേർഷ്യൻ സാമ്രാജ്യങ്ങൾ (ഇറാൻ-ഇറാഖ്-സിറിയ- ഈജിപ്ത്) അറേബ്യയെ ആക്രമിച്ചു. അതിനു തിരിച്ചടിയായി നബിയും ഖലീഫാ ഉമറും ആ രാഷ്ട്രങ്ങളെ ഒന്നൊന്നായി കീഴടക്കി. ആ രാജ്യങ്ങളിലെ ജന ങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും നികുതി ഭാരത്തിൽനിന്നുള്ള മോചനവും നൽകിയപ്പോൾ നബിയുടെ ഇസ്ലാം ലോകം വാഴ്ത്തി പ്പാടിയ ഒരു മാതൃകാ രാഷ്ട്രവും അന്നത്തെ ഏക വൻശക്തിയുമായി മാറി. നബിയും, മുഹാജിറുകളും, അൻസാറുകളും, ഖലീഫാ ഉമറും ഒരൊറ്റ ശരീരം പോലെ ഉറച്ചുനിന്ന് പടുത്തുയർത്തിയ ആ മാതൃകാരാഷ്ട്രമാണ് മുആവിയ പിന്നീട് രാജഭരണമാക്കി മാറ്റിയ ത്.!! ആ ഇസ്ലാമിക രാഷ്ട്രത്തിൽ നിന്ന് മുതലെടുത്തുകൊണ്ടാണ് ക്രിസ്തുമതംപോലെ ഒരു സുന്നിമതം (സുന്നത്ത് - ജമാഅത്ത്) മുആവിയ തന്ത്രപൂർവ്വം പിൽക്കാലത്ത് പടുത്തുയർത്തിയത്. അതുകൊണ്ടാണ് കാന്തപുരം അടക്കമുള്ള സുന്നി - മുജാഹിദ്- ജമാഅത്ത് മൗലവിമാർ ഇന്ന് ആചരിച്ചുവരുന്ന വിശ്വാസാചാരങ്ങളിൽ ഒന്നുപോലും ഖുർആനിൽ കാണാത്തത്. തലയും വാലുമില്ലാത്ത തിരുകേശം പോലെ ഖുർആനുമായി യാതൊരുബന്ധവുമില്ലാത്ത ഒരു മതമായി സുന്നത്ത് ജമാഅത്ത് എന്ന മതം മാറാൻ കാരണവുമതാണ്. ലോകമുസ്‌ലികളും ഖുർആനും തമ്മിൽ യാതൊരു ബന്ധവുമില്ലാതിരിക്കാനും കാരണം മറ്റൊന്നല്ല

## മുൻ ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ സ്ഥാനം രാജിവെക്കണം

ലോക സാഹോദര്യവും ലോകനന്മയും സർവമത സാഹോദര്യവും വിളംബരം ചെയ്യുന്ന ഖുർആൻ ആയിരുന്നു മൗലവി ചേകന്നൂർ പ്രചരിപ്പിച്ചിരുന്നത്. "നിങ്ങൾ ഒരാൾക്ക് ജീവൻ നൽകിയാൽ അത് ഭൂമിയിലുള്ള സർവ മനുഷ്യർക്കും ജീവൻ നൽകിയപോലെയാണ്, നിങ്ങൾ ഒരാളെ അന്യായമായി വധിച്ചാൽ ഭൂമിയിലുള്ള സർവ മനുഷ്യരെയും വധിച്ചതുപോ ലെയാണ് " എന്ന് പഠിപ്പിച്ച ഖുർആനായിരുന്നു മൗലവി പ്രബോധനം ചെയ്തിരുന്നത്. അങ്ങിനെയുള്ള ഒരു മഹാവ്യക്തി യെ നിഷ്ഠൂരമായി കൊലപ്പെടുത്തിയതിന് പിന്നിൽ പ്രവർത്തിച്ച കുറ്റവാളികളിൽ പ്രമുഖനെ രക്ഷിക്കാനാണ് സി. ബി.ഐ.യിലെ ചില ഉന്നത ഉദ്യോഗസ്ഥരും ചില ജഡ്ജിമാരും കോടിക്കണക്കിന് രൂപ കൈക്കൂലി വാങ്ങിയത്. ദൈവവും മാനവരാശിയും ഒരിക്കലും മാപ്പ് നൽകാത്ത ഒരു കൊടുംപാതകമാണിത്. കള്ളൻമാരെയും കൊലപാതകികളെയും പെൺവാ ണിഭക്കാരെയും പ്രീതിപ്പെടുത്തുന്ന കോടതിവിധികളിലൂടെ കോടിക്കണക്കിന് രൂപയുടെ അനധികൃത സ്വത്തുക്കളാണ് ഈ ജഡ്ജിമാരുടെ കുടുംബങ്ങൾ വാരിക്കൂട്ടിയത്. ആ കുടുംബങ്ങൾക്ക് മുഴുവൻ മരിക്കുന്നത് വരെ സുഖമായി ജീവി ക്കാൻ അവർ അനധികൃതമായി സമ്പാദിച്ചുകൂട്ടിയ ആ തുകയുടെ 100-ൽ ഒരംശം മതി എന്ന് ഈ 'ആർത്തിപണ്ടാരങ്ങൾ' ഓർക്കുന്നില്ല. ഏതായാലും ചേകന്നൂർ മൗലവിയെപ്പോലുള്ള ഒരു മഹാവ്യക്തിയുടെ വധത്തിന് കൂട്ടുനിന്ന പ്രതികളെ സഹായിച്ചവരുടെ ബന്ധുവായ കെ.ജി.ബാലകൃഷ്ണൻ മനുഷ്യാവകാശക്കമ്മീഷൻ ചെയർമാൻ പദവിയിൽ ഇനിയും അട്ട യെപ്പോലെ അള്ളിപ്പിടിച്ചിരിക്കുന്നത് ഭൂഷണമല്ല. അൽപമെങ്കിലും മനസ്സാക്ഷിയുണ്ടെങ്കിൽ അദ്ദേഹം ആ മഹനീയ പദവി ഇനിയും കളങ്കപ്പെടുത്താതെ രാജിവെച്ചൊഴിയണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ചേകന്നൂർ മൗലവി വധക്കേസ് ഇവിടംകൊണ്ടൊന്നും അവസാനിക്കില്ല. 8 പ്രതികളെ ലൂപ് ഹോളുകളുണ്ടാക്കി, നിയമത്തിന്റെ ആ പഴുതുകളിലൂടെ രക്ഷപ്പെടാൻ അവസരം നൽകിയ സി.ബി.ഐയിലെ ചില ഉന്നത ഉദ്യോഗസ്ഥർക്കെതി രെയും മൗലവികേസ് കൈകാര്യം ചെയ്ത ചില ജഡ്ജിമാർക്കെതിരെയും ഒരന്വേഷണം നടത്താനും സി.ബി.ഐ പൂഴ്ത്തി വെച്ച എസ്.പി.മുഹാജിറിന്റെ കേസ് ഡയറി ഉൾപ്പെടെയുള്ള ചില സുപ്രധാന ഡയറിക്കുറിപ്പുകൾ വീണ്ടും പുറത്തുകൊ ണ്ടുവന്ന് ഒരു പുനർവിചാരണയും വേണ്ടിവന്നാൽ ഒരു പുനരന്വേഷണവും നടത്താനും ഞങ്ങൾ ബന്ധപ്പെട്ടവർക്കിടയിൽ സമ്മർദ്ദം ചെലുത്തികൊണ്ടേയിരിക്കും. അതിന്റെ നിയമനടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ സദുദ്ധ്യമത്തിൽ മത-ജാതി -കക്ഷി ഭേദമന്യേ എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന്

കോഴിക്കോട്
29-07-2011

ഡോ.അബ്ദുൾ ജലീൽ, പുറ്റെക്കാട്
കേന്ദ്ര നിർവാഹകസമിതി അംഗം
ഖുർആൻ സുന്നത്ത് സൊസൈറ്റി.